LIBRARY ARCHIVES Kerala Legislative Assembly

തോടുകളിലെ നീരൊഴുക്കുകൾ

170 (835) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നീരൊഴുക്കുള്ള തോടുകൾ മണ്ണിട്ട് നികത്തി നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രകൃത്യായുള്ള ഇത്തരം നീരൊഴുക്കുകൾ തടസ്സപ്പെടുത്തുന്നതുമൂലം വെള്ളക്കെട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം കയ്യേറ്റങ്ങൾ തടയുന്നതിനും നീരൊഴുക്ക് സുഗമമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാലുടൻതന്നെ റവന്യൂ അധികൃതരെ വിവരം അറിയിക്കാറുണ്ട്. കയ്യേറ്റങ്ങൾ ഏതുതന്നെ ആയാലും റവന്യൂ വകുപ്പിന് വിവരം നൽകുന്നതിൽ പ്രത്യേകശ്രദ്ധ ഉണ്ടാകണമെന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 12-11-2013-ൽ പുറപ്പെടുവിച്ച സർക്കുലറിൽ എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

പി.ഐ.പി. കനാൽ പുറമ്പോക്ക് കയ്യേറ്റം സംബന്ധിച്ച പരാതിയിന്മേൽ നടപടി

171 (836) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പത്താം വാർഡിലെ പി.ഐ.പി. കനാൽ (പി.ഐ.പി. നം.4) പുറമ്പോക്ക്സ്ഥലം കയ്യേറിയതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തെത്തുടർന്ന് കായംകുളം എം.എൽ.എ. മാവേലിക്കര പി.ഐ.പി. അസിസ്റ്റന്റ് എഞ്ചിനീയർക്കു നൽകിയ കത്തിന്മേൽ നടപടികൾ പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാലതാമസം ഉണ്ടാകാനുള്ള കാരണം വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.